അടിയന്തിരം

"ഭരണഭാഷാ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/17861/15 ചാക്ക, തിരുവനന്തപുരം

തീയതി: 18/01/2015

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് – അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി/ഫെബ്രുവരി 2016 (സെമസ്റ്റർ സ്കീം) – എം.ഐ.എസ്. – ഹാൾ ടിക്കറ്റുകൾ പ്രിൻറ് എടുക്കുന്നത് – സംബന്ധിച്ച്

ആഗസ്റ്റ് 2014 ൽ എം.ഐ.എസ്. പോർട്ടൽ മുഖേന അഡ്മിഷൻ നേടിയ ട്രെയിനികൾക്ക് ഒന്ന്, രണ്ട് സെമസ്റ്റർ (സപ്ലിമെൻററി), മൂന്നാം സെമസ്റ്റർ (റഗുലർ) പരീക്ഷകളും ആഗസ്റ്റ് 2015 ൽ എം.ഐ.എസ്. പോർട്ടൽ മുഖേന അഡ്മിഷൻ നേടിയ ട്രെയിനികൾക്ക് ഒന്നാം സെമസ്റ്റർ (റഗുലർ) പരീക്ഷയും എഴുതുന്നതിന് വേണ്ടിയുള്ള ഹാൾ ടിക്കറ്റുകൾ ബന്ധപ്പെട്ട എല്ലാ ജില്ലാതല നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്ക് ഇ മെയിൽ ആയി എം.ഐ.എസ് സെക്ഷനിൽ നിന്നും അയച്ചിട്ടുണ്ട്. ടി നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ അവരുടെ അധീനതയിൽ വരുന്ന എല്ലാ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്ക് ഇ.മെയിൽ മുഖേനയോ അല്ലാതെയോ അടിയന്തിരമായി ടി ഹാൾ ടിക്കറ്റുകൾ കൈമാറേണ്ടതാണ്. ബന്ധപ്പെട്ട എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരും ഇപ്രകാരം ലഭിക്കുന്ന ഹാൾ ടിക്കറ്റുകൾ പ്രിൻറ് എടുത്ത് പരീക്ഷാ വിജ്ഞാപനത്തിൽ സൂചിപ്പിട്ടുള്ളതും നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ അനുബന്ധം 1 സഹിതം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ ഹാജരാക്കേണ്ടതാണ്. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് അപേക്ഷ നൽകിയ ട്രെയിനികൾക്കുള്ള ഹാൾ ടിക്കറ്റുകളിൽ മേലൊപ്പ് ചാർത്തി നൽകേണ്ടതാണ്. ഇപ്രകാരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മേലൊപ്പ് ചാർത്തിയ ഹാൾ ടിക്കറ്റുമായി ഹാജരാകുന്ന ട്രെയിനികളെ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളു. എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഓരോ സെമസ്റ്റർ പരീക്ഷയ്ക്കും ഉള്ള ഹാൾ ടിക്കറ്റുകൾ

പ്രത്യേകം പരിശോധിച്ച് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മേലൊപ്പ് ചാർത്തേണ്ടതാണ്.

2014 വർഷം പുറത്ത് ഇറക്കിയ ട്രെയിനിംഗ് മാനുവലിലെ രണ്ടാമത്തെ അദ്ധ്യായം പത്താം ഖണ്ഡികയിലെ രണ്ടാം ഉപ ഖണ്ഡിക പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മിനിമം നിർബന്ധിത ഹാജർ നേടിയ ട്രെയിനികൾക്ക് മാത്രമേ ഹാൾ ടിക്കറ്റുകൾ വിതരണം നടത്താവു എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്ന പക്ഷം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്ക്

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും (ടി നടപടി ക്രമങ്ങൾ സമയ ബന്ധിതമായി നിർവഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്)

പകർപ്പ്

വകുപ്പ് വെബ് സൈറ്റിലേയ്ക്ക്